LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് മെട്രോ പദ്ധതി

226 (3977) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി ഡി.എം..ആർ.സി.-യെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതിന് ഡി.എം..ആർ.സി.-യിൽ നിന്ന് വിശദീകരണം തേടുകയുണ്ടായോ ; വിശദമാക്കാമോ ;

(ഡി) ഇതനുസരിച്ച് ധനവകുപ്പിന്റെ തടസ്സവാദങ്ങൾക്ക് മരാമത്ത് വകുപ്പ് മറുപടി രേഖപ്പെടുത്തിയിരുന്നോ ; വിശദമാക്കാമോ ;

(ഇ) ലൈറ്റ് മെട്രോയിൽ നിന്ന് ഡി.എം..ആർ.സി.-യെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-ഇ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ സജീവ പരിഗണനയിലാണ്.

കൊല്ലം ജില്ലയിൽ ദേശീയ പാതകളുടെ നവീകരണം

227 (3978) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ദേശീയ പാതകളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത തുക ചെലവഴിച്ച് നടപ്പിലാക്കിയത് ; പ്രവൃത്തികളുടെ അടങ്കൽ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?